# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:2777

17.06.2019-ലെ മറുപടി

### വൈപ്പിനിലെ ശുദ്ധജലവിതരണ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എസ്.ശർമ്മ | | കെ.കൃഷ്ണൻ കുട്ടി (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | വൈപ്പിൻ നിയോജക മണ്ഡലത്തിൽ ജിഡ ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിവരുന്ന ശുദ്ധജല വിതരണ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | പ്രസ്തുത പദ്ധതി പൂർത്തീകരിച്ചിട്ടില്ല. |
| (ബി) | ഇല്ലെങ്കിൽ ഇനിയും പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | 1. ജിഡ ധനസഹായത്തോടുകൂടി എളങ്കുന്നപുഴ, ഞാറയ്ക്കൽ, നായരമ്പലം പഞ്ചായത്തുകളിൽ കുടിവെള്ള വിതരണം നടത്തുന്നതിനു വേണ്ടി ഞാറയ്ക്കലിൽ നിർമ്മിക്കുന്ന 17.9 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതല സംഭരണിയുടെ പ്രവൃത്തിയുടെ ഫൗണ്ടേഷൻ, ഫ്രേം വർക്ക്, കോളം, ബ്രേസ് ബീം എന്നീ പ്രവൃത്തികൾ ഭാഗികമായി പൂർത്തികരിച്ചിട്ടുള്ളതാണ്. തുടർന്നുള്ള പ്രവൃത്തികൾ (ടാങ്ക് നിർമ്മാണം ഉൾപ്പെടെ) പൂർത്തീകരിക്കാനുണ്ട്.<br>2. ജിഡ ധനസഹായത്തോടുകൂടി എളങ്കുന്നപുഴ, ഞാറയ്ക്കൽ, നായരമ്പലം എന്നി പഞ്ചായത്തുകളിൽ ശുദ്ധജല വിതരണം നടത്തുന്നതിനു വേണ്ടി മുരിക്കുംപാടത്ത് നിർമ്മിക്കുന്ന 11.8 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല സംഭരണിയുടെ പ്രവൃത്തിയിൽ ഫൗണ്ടേഷൻ, ഫ്രേം വർക്ക്, കോളം, ബ്രേസ് ബീം എന്നീ പ്രവൃത്തികളും ഭാഗികമായി പൂർത്തികരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | പ്രസ്തുത പ്രവൃത്തിയ്ക്കുള്ള ടെണ്ടർ അനുമതി നൽകിയെങ്കിലും ജല അതോറിറ്റി അംഗീകരിച്ച നിരക്കിൽ പണി നടത്തുവാൻ കരാറുകാരൻ വിസമ്മതിച്ചു. ദർഘാസ് റദ്ദ് ചെയ്ത് പുനർ ദർഘാസിനുള്ള തുടർ നടപടികൾ അടിയന്തിരമായി കേരള വാട്ടർ അതോറിറ്റി സ്വീകരിക്കുന്നതാണ്. പദ്ധതി 2020 ഏപ്രിൽ മാസത്തിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ